**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 529** **20.11.2019-ൽ മറുപടിയ്ക്ക്**

**വനസംരക്ഷണത്തിനായുള്ള പദ്ധതികൾ**

**ചോദ്യം**

**ശ്രീ.അനൂപ് ജേക്കബ്**
**ശ്രീ. പി.ടി. തോമസ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**മറുപടി**

**അഡ്വ.കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനസംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വന സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നു.<br><br>1. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും നടത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായിട്ടുണ്ട്. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ വനാതിർത്തി), 2018 -19 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14,618 സ്ഥിരം ജണ്ടകളും നിർമ്മിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഉദ്ദേശം 660 കി.മീ. വനാതിർത്തിയിൽ 14,000 സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കി വരുന്നു.<br><br>2. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/ പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.<br><br>3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ സാങ്കേതിക റിമോട്ട് സെൻസിങ്ങ് വിദ്യയുടെ സഹായത്തോടെ ഊർജ്ജിതമായി നടപ്പിലാക്കൽ.<br><br>4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ. 2018-19 സാമ്പത്തിക വർഷത്തിൽ പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ-മാരുടെ സർവ്വേ ട്രെയിനിംഗ്. 2015-16 വർഷം മുതൽ നാളിതുവരെ 30 പേരടങ്ങുന്ന 8 ബാച്ചുകളിലായി 240 പേർക്ക് സർവ്വേ ട്രെയിനിംഗ് പരിശീലനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 6. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുണ്ട്. 2018 സെപ്റ്റംബർ മുതൽ ടി റിക്കോർഡ് റൂമിന്റെ പ്രവർത്തനം നടന്നു വരുന്നുണ്ട്.<br>7. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വന വനവിഭവങ്ങളുടെയും, വന്യ ജീവികളുടെയും സംരക്ഷണം.<br>8. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായവും വനസംരക്ഷണത്തിനായി ഉപയോഗിക്കുന്നുണ്ട്. കേന്ദ്രീകൃത കാൾ സെന്റർ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ജി.പി.എസ് ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. ജി.ഐ.എസ്-ന്റെ സഹായത്തോടെ M-STrIPES (Monitoring System for Tigers- Intensive Protection and Ecological Status) എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള പട്രോളിംഗ് പ്രവർത്തനങ്ങൾ 2019 ജനുവരി മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പാക്കി വരുന്നു. |
| (ബി) | 1977 ന് ശേഷം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വനം കയ്യേറ്റം നടന്നിട്ടുള്ളത് ഏതുമേഖലയിലാണ്; എത്ര ഹെക്ടർ വനമാണ് ഇപ്രകാരം കയ്യേറിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ലതിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ജണ്ടകെട്ടി വനം സംരക്ഷിക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ഉണ്ടായ വീഴ്ചയാണ് വനം കയ്യേറ്റങ്ങൾക്ക് കാരണമെന്നതിനാൽ ഇത് സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിക്കും. ജണ്ട കെട്ടി വനം സംരക്ഷിക്കുന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സമയ ബന്ധിതമായി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 15,533 - കിലോമീറ്ററോളം വനാതിർത്തി 31.03.2019 വരെ ജണ്ടകെട്ടി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 01.04.2019 -ൽ ജണ്ട കെട്ടി തിരിക്കുവാനായി ഉദ്ദേശം 1313 കി.മീ അവശേഷിക്കുന്നു. 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. ഈ വർഷം (2019-20), 14,000 ജണ്ടകൾ (ഉദ്ദേശം 660 കി.മീറ്റർ) സ്ഥാപിച്ച് വനാതിർത്തി വേർതിരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. 01.04.2020 ൽ അവശേഷിക്കുന്നതായി കണക്കാക്കുന്ന 653 കി.മീറ്റർ വനാതിർത്തികളിൽ കോടതി സ്റ്റേകളില്ലാത്ത ഭാഗങ്ങളിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ജണ്ട കെട്ടുന്നതിന് പ്രാദേശികമായ എതിർപ്പുള്ള സ്ഥലങ്ങളിൽ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുടെ യോഗം വിളിച്ച് പ്രശ്നം പരിഹരിക്കുന്നതിനും ഭാവിയിൽ കൂടുതൽ കയ്യേറ്റങ്ങൾ ഉണ്ടാകാതെ തടയുന്നതിനും ഉള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | ജണ്ട കെട്ടുന്നതിന് പ്രാദേശികമായ എതിർപ്പുള്ള സ്ഥലങ്ങളിൽ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുടെ യോഗം വിളിച്ച് പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുന്നതാണ്. ഭാവിയിൽ കൂടുതൽ കയ്യേറ്റങ്ങൾ ഉണ്ടാകാതെ തടയുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾ തന്നെ തടയുകയും ഒഴിപ്പിക്കുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനം കയ്യേറ്റം (ഹെക്ടറിൽ) | (ഏക്കറിൽ) |
|---|---|---|---|---|
| തിരുവനന്തപുരം | സതേൺ സർക്കിൾ | തിരുവനന്തപുരം | 0 | 0 |
| പത്തനംതിട്ട | | കോന്നി | 10.59 | 26.16789 |
| | | റാന്നി | 1.13 | 2.79223 |
| കൊല്ലം | | തെന്മല | 7.24 | 17.89004 |
| | | **ആകെ** | **18.96** | **46.85016** |
| എറണാകുളം | ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 147.6 | 364.7196 |
| കോട്ടയം | | കോട്ടയം | 121.49 | 300.20179 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.23515 |
| | | മറയൂർ | 0.03 | 0.07413 |
| | | മാങ്കുളം | 358.43 | 885.68053 |
| | | **ആകെ** | **1727.2** | **4267.9112** |
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | 0 | 0 |
| | | തൃശ്ശൂർ | 147.04 | 363.33584 |
| എറണാകുളം | | മലയാറ്റൂർ | 129.29 | 319.47559 |
| | | **ആകെ** | **276.33** | **682.81143** |
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| | | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |
| പാലക്കാട് | | പാലക്കാട് | 190.58 | 470.92318 |
| | | മണ്ണാർക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| | | **ആകെ** | **3819.75** | **9438.55283** |
| കോഴിക്കോട് | നോർത്തേൺ | കോഴിക്കോട് | 10.4 | 25.6984 |

| | | | | |
|---|---|---|---|---|
| വയനാട് | സർക്കിൾ | വയനാട്സൗത്ത് | 1369.29 | 3383.51559 |
| | | വയനാട് നോർത്ത് | 369.74 | 913.62754 |
| കണ്ണൂർ | | കണ്ണൂർ | 11.02 | 27.23042 |
| കാസർഗോഡ് | | കാസർഗോഡ് | 0 | 0 |
| | | **ആകെ** | **1760.45** | **4350.07195** |
| കോട്ടയം | ഫീൽഡ്ഡയറക്ടർ, കോട്ടയം | പെരിയാർഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| | | **ആകെ** | **5.4061** | **13.3584731** |
| തൃശ്ശൂർ | വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |
| കണ്ണൂർ | | ആറളം | 0 | 0 |
| | | **ആകെ** | **193.02** | **476.95242** |
| | **ആകെ** | | **7801.1 ഹെക്ടർ** | **19276.5181 ഏക്കർ** |

മണ്ണാർക്കാട് (2700.34 ഹെക്ടർ), വയനാട് സൗത്ത് (1369.29 ഹെക്ടർ), മൂന്നാർ (1099.65 ഹെക്ടർ), നിലമ്പൂർ നോർത്ത് (682.53 ഹെക്ടർ) എന്നീ വനം ഡിവിഷനുകളിലാണ് ഏറ്റവും കൂടുതൽ വനം കയ്യേറ്റം നടന്നിട്ടുള്ളത്.

സെക്ഷൻ ഓഫീസർ